(ബി, ഉണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

മാനവീയത്തിന് തുടക്കം കുറിച്ച ദിവസം നടന്ന അക്രമങ്ങൾ

58 (58) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയത്തിന് തുടക്കം കുറിച്ച ദിവസം എവിടെയെങ്കിലും ലാത്തി ചാർജ്ജുണ്ടായോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) ഈ ദിവസം എസ്.എഫ്.ഐ. വിദ്യാർത്ഥികൾ അദ്ധ്യാപകരെ മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) ഈ ദിവസം എവിടെയെല്ലാം മദ്യവിരുദ്ധ പ്രവർത്തകരെ മദ്യലോബിയുടെ ആളുകൾ കൊലപ്പെടുത്തി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാനവീയത്തിന് തുടക്കം കുറിച്ച ദിവസം കേരളത്തിൽ ഒരിടത്തും ലാത്തിചാർജ്ജ് ഉണ്ടായിട്ടില്ല.

(ബി) ഇല്ല.

(സി) അത്തരം സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊടുപുഴ ഗജമേള ദുരന്തം

59 (59) ശ്രീ. എ. കെ മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ഗജമേള ദുരന്തത്തിനു ഉത്തരവാദികളായ സംഘാടകരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) കണ്ണൂർ ജോസ് എന്നയാൾ മരിക്കാനും മകന്റെ മരണവാർത്ത അറിഞ്ഞ് ജോസിന്റെ പിതാവ് മരിക്കാനും ഇടയായ സംഭവത്തെക്കുറിച്ച് ഇതുവരെ ഏതെല്ലാം അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത് ; അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ ;

(ഡി) തൊടുപുഴ ഡി.വൈ.എഫ്.പി.യേയും സർക്കിൾ ഇൻസ്പെക്ടറേയും ഈ സംഭവത്തിന്റെ പേരിൽ സ്ഥലം മാറ്റിയിട്ടുണ്ടോ ; ഇവർക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഘോഷയാത്രകൾ നടത്തുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ റോഡ് ഗതാഗതം തടസ്സപ്പെടുത്തരുതെന്ന് ഹൈക്കോടതി ഉത്തരവ് തൊടപുഴ സംഭവത്തിൽ ലംഘിച്ചതിന് ഏതെങ്കിലും കേസ് എടുത്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തൊടുപുഴ ഗജമേള ദുരന്തത്തോടനുബന്ധിച്ച് സംഘാടകരുടെ പേരിൽ പരാതി ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഗജമേളയോടനുബന്ധിച്ച് ആന വിരണ്ട് ഓടിയതിനാലുണ്ടായ അനിഷ്ട സംഭവത്തിൽ പരിക്കുപറ്റിയ കണ്ണൂർ ജോസ് എന്നയാൾ മരിച്ചത് സംബന്ധിച്ച് തൊടുപുഴ പോലീസ് ക്രൈം നമ്പർ 17/2000 ആയി അസ്വഭാവിക മരണമായി 8-1-2000-നു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറ്റിയിട്ടുണ്ട്. എന്നാൽ ജോസിന്റെ പിതാവ് മരണമടഞ്ഞതിനെക്കുറിച്ച് പരാതി ഒന്നും ലഭിച്ചിട്ടില്ല. ഗജമേളയോട് അനുബന്ധിച്ച് ഉണ്ടായ ദുരന്തത്തിൽ ഒരാൾ മരിക്കാനിടയായ സാഹചര്യത്തെ കുറിച്ച് അന്വേഷിക്കാൻ റവന്യൂ സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി.എസ്. സെന്തിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) തൊടുപുഴ ഡി.വൈ.എസ്.പി ശ്രീ. പി. സി. വർഗ്ഗീസിനേയും സി. ഐ. ശ്രീ. പൗലോസ് ജോണിനേയും ഐ.ജി.പി. സൗത്ത് സോണിന്റെ 10-1-2000-ത്തിലെ ഉത്തരവ് പ്രകാരം എറണാകുളം സിറ്റി കൺട്രാൾ റൂമിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് ആയിട്ട് പോസ്റ്റ് ചെയ്തിട്ടുണ്ട്. ശിക്ഷണ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഗജഘോഷയാത്ര നടക്കുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ റോഡ് ഗതാഗതം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊടുപുഴ ഗജമേള ദുരന്തം

60 (60) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ഗജമേള ദുരന്തം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ദുരന്ത കാരണങ്ങൾക്ക് പോലീസും ഉത്തരവാദിയാണെന്ന് ഗജമേള സംഘാടക സമിതിയുടെ ചെയർമാൻ അഭിപ്രായപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(സി) തൊടുപുഴ പാലത്തിൽ വച്ച് ഗജമേളയിലേക്ക് ജീപ്പുകൾ ഓടിച്ചുകയറ്റിയതാണ് ദുരന്തത്തിന് കാരണമെന്ന് ചെയർമാൻ പ്രസ്താവിച്ചതായി അറിയാമോ ;

(ഡി) എങ്കിൽ ആരോപണ വിധേയമായ ജീപ്പുകൾ ഏതെല്ലാം ; ആരുടെയെല്ലാം ; ഓരോ ജീപ്പിന്റെയും നമ്പർ ഏതെല്ലാം ; ജീപ്പ് പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നോ ; ജീപ്പ് ഉടമസ്ഥന് വിട്ടുകൊടുത്തുവോ ;

(ഇ) ഗജമേളയുടെ സംഘാടകർ ദുരന്തത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly